പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3658 — 26.06.2012 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി. റാന്നി ഓപ്പറേറ്റിംഗ് സെന്ററിലേക്ക് സർവ്വീസുകൾ

ചോദ്യം — ഉത്തരം

ശ്രീ. രാജു എബ്രഹാം — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | റാന്നിയിൽ കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്റർ അനുവദിച്ചുകൊണ്ട് 2011 ഫെബ്രുവരിയിൽ ഇറക്കിയ ഉത്തരവുപ്രകാരം റാന്നി ഓപ്പറേറ്റിംഗ് സെന്ററിലേക്ക് എത്ര ബസ്സും ഏതൊക്കെ സർവ്വീസുകളുമാണ് മാറ്റിക്കൊണ്ട് ചീഫ് ഓഫീസിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് ഓർഡറിന്റെ കോപ്പിസഹിതം വ്യക്തമാക്കാമോ; | (എ) | റാന്നിയിൽ ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തനമാരംഭിക്കുമ്പോൾ പത്തനംതിട്ട യൂണിറ്റിൽ നിന്നും റാന്നി ഭാഗത്തേക്ക് നടത്തി വരുന്ന 10 ഷെഡ്യൂൾ അവിടേക്ക് മാറ്റുന്നതിന് കൊല്ലം മേഖലാ അധികാരിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തിപ്പിക്കുന്നതിലേക്കായി ഇറക്കിയ ഉത്തരവിന്റെ കോപ്പി അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതുപ്രകാരം എത്ര ജീവനക്കാരെയാണ് റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിലേക്ക് മാറ്റേണ്ടിയിരുന്നത്; | (ബി) | 10 ഷെഡ്യൂളുകൾക്കായി<br>28 കണ്ടക്ടർ<br>28 ഡ്രൈവർ<br>5 മെക്കാനിക്ക്<br>5 ജൂനിയർ അസിസ്റ്റന്റ്<br>3 സെക്യൂരിറ്റി<br>3 സ്റ്റേഷൻമാസ്റ്റർ<br>3 വെഹിക്കിൾ സൂപ്പർവൈസർ<br>1 കൺട്രോളിംഗ് ഇൻസ്പെക്ടർ<br><br>എന്നിവരെയാണ് മാറ്റേണ്ടിയിരുന്നത്. |
| (സി) | ചീഫ് ഓഫീസിൽ നിന്നും ഇവരെ മാറ്റിയ ഉത്തരവ് പത്തനംതിട്ട എ. ടി. ഒ നടപ്പാക്കാൻ തയ്യാറാകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ടി ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിനാണ് കൊല്ലം സോണൽ ഓഫീസറെ ചുമതലപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായതായി അറിയിപ്പ് ഇതുവരെയും |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി ജീവനക്കാരെ മാറ്റുന്നതിന് ചീഫ് ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിട്ടില്ല. |
| (ഡി) | കെ.എസ്.ആർ.ടി.സി. ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ അനുകൂല റിപ്പോർട്ട് നൽകിയിട്ടും, ബസ് ഡിപ്പോയ്ക്കാവശ്യമായ എല്ലാ സൗകര്യങ്ങളും, ജനപ്രതിനിധികളുടെ ഫണ്ടുപയോഗിച്ച് ലഭ്യമാക്കിയിട്ടും റാന്നി ഓപ്പറേറ്റിംഗ് സെന്റർ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) | ഒരു പക്കാ ബസ് സ്റ്റേഷന്റെ പ്രവർത്തനത്തിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും റാന്നിയിൽ ഒരുക്കിയിട്ടില്ല. എന്നാലും ഓപ്പറേറ്റിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ചുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു. |

---

സെക്ഷൻ ഓഫീസർ

അനുബന്ധം

# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

**നടപടിക്രമം**

**സംഗ്രഹം**

റാന്നിയിൽ ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നത്.

ട്രാഫിക് വിഭാഗം, ചീഫ് ആഫീസ്

നമ്പർ: റ്റി.ആർ.3/009790/11.

തിരുവനന്തപുരം, തിയതി 25-2-2011.

വായന:- 3-8-2000-ലെ ഭരണസമിതിയുടെ 275-ാമത് യോഗത്തിൽ അജൻഡ ഇനം 66/2000 പ്രകാരം കൈക്കൊണ്ട തീരുമാനം.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ റാന്നിയിൽ കെ.എസ്.ആർ.ടി.സി.യുടെ ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിന് 3-8-2000-ലെ ഭരണസമിതിയുടെ 275-ാമത് യോഗത്തിൽ അജൻഡ ഇനം 66/2000 പ്രകാരം തീരുമാനിക്കുകയുണ്ടായി. ഓപ്പറേറ്റിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിത്തരാമെന്ന് റാന്നി ഗ്രാമപഞ്ചായത്ത് സമ്മതിച്ചിട്ടുണ്ട്.

ആദ്യഘട്ടത്തിൽ പത്തനംതിട്ട യൂണിറ്റിൽ നിന്നും റാന്നി ഭാഗത്തേക്ക് നടത്തിവരുന്ന 10 ഷെഡ്യൂൾ നിർദ്ദിഷ്ട റാന്നി ഓപ്പറേറ്റിംഗ് സെന്ററിലേക്ക് മാറ്റുന്നതാണ്. ഇപ്രകാരം മാറ്റപ്പെടുന്ന ഷെഡ്യൂളുകളുടെ പുനഃക്രമീകരിച്ച സമയവിവരപ്പട്ടിക ഇതോടൊപ്പം അയയ്ക്കുന്നു.

ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ടി ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിന് കൊല്ലം മേഖലാ ആഫീസറെ ചുമതലപ്പെടുത്തുന്നു. നിർദ്ദിഷ്ട റാന്നി ഓപ്പറേറ്റിംഗ് സെന്റർ പത്തനംതിട്ട യൂണിറ്റധികാരിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലായിരിക്കും പ്രവർത്തിക്കുക.

25/2/11

മാനേജിംഗ് ഡയറക്ടർ
SANJEEB KUMAR PATJOSHI, IPS.
Managing Director, KSRTC
Thiruvananthapuram-23

കൊല്ലം മേഖലാ ആഫീസർക്ക്

പകർപ്പ്:-

എല്ലാ യൂണിറ്റധികാരികൾക്കും
എല്ലാ മേഖലാ അധികാരികൾക്കും
മാനേജിംഗ് ഡയറക്ടറുടെ പി.എസ്.-നും
എഫ്.എ.&സി.എ.ഒ.യുടെ പി.എ.ക്കും
എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ സ്റ്റെനോമാർക്കും
ചീഫ് എഞ്ചിനീയർക്കും
ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ആഫീസർ (അക്കൗണ്ട്സ്)ക്കും
മാനേജർ (എം & ഡബ്ല്യു)ക്കും വിജിലൻസ് ആഫീസർക്കും കൺസൾട്ടന്റ് (ഇ.ഡി.പി.)-നും
എല്ലാ സ്ക്വാഡ് യൂണിറ്റുകൾക്കും ചീഫ് ആഫീസിലെ എല്ലാ ആഫീസർമാർക്കും വിഭാഗങ്ങൾക്കും

എ.ജെ.

സെക്ഷൻ ഓഫീസർ